നം. കെ.എസ്.എ-എഐ.ഡി.കെ. 9/506/2015 തീയതി : .08.2015

# ഇടുക്കി ജില്ലയിലെ കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**[1994-ലെ കേരളാ പഞ്ചായത്തരാജ് നിയമം വകുപ്പ് 215(4),1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്]**

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപേരും : ശ്രീ.കെ എ ടോമി ഡെപ്യൂട്ടി ഡയറക്ടർ

**അക്കൗണ്ട്സ് സർട്ടിഫിക്കേഷൻ നടത്തി സർട്ടിഫിക്കറ്റ് നൽകിയതിൻറെ വിവരം**

2013-14 : വിശേഷണങ്ങളില്ലാത്തത്

## ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

കാഞ്ചിയാർ ഗ്രാമ പഞ്ചായത്തിൻറെ **2013-14** സാമ്പത്തിക വർഷത്തെ വരവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിൻറെ ഭാഗമായി അനുവദിച്ച കിട്ടിയ പദ്ധതി വിഹിതം ,മെയിൻറനൻസ് ഗ്രാൻറ്,കേന്ദ്രാവിഷ് കൃത പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് 23.11.2014 മുതൽ 15.04.2015 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം |
|---|---|
| 16.4.2015മുതൽ 25.4.2015 വരെ | : ശ്രീ.കെ.കെ.വിനോദ്, ഓഡിറ്റ് ഓഫീസർ [ഹ.ഗ്രേ] |
| | : ശ്രീ.എൻ വിജയകുമാർ, ഓഡിറ്റ് ഓഫീസർ |
| | : ശ്രീ മുഹ്സിൻ ഫൈസൽ, അസി.ഓഡിറ്റ്. ഓഫീസർ |
| | : ശ്രീ.ബെന്നി മാത്യു, സീനിയർ ഗ്രേഡ് ഓഡിറ്റർ |

| **നിർവ്വഹണ അധികാരികൾ** | |
|---|---|
| **പ്രസിഡന്റ്** | |
| ശ്രീമതി റോസമ്മ ജെയിംസ് | 01.04.2013മുതൽ 31.03.2014 വരെ |
| **സെക്രട്ടറി** | |
| ശ്രീ .സാബു ജോൺ | 01.04.2013മുതൽ 8.10.2014വരെ |

| | |
|---|---|
| **സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻമാർ** | |
| **ധനകാര്യം** | |
| ശ്രീ.എം.വി .കുര്യൻ | 01.04.2013മുതൽ 31.03.2014 വരെ |
| **വികസനം** | |
| ശ്രീമതി. സൂസമ്മ സാബു. | 01.04.2013 മുതൽ 31.03.2014 വരെ |
| **ആരോഗ്യം,വിദ്യാഭ്യാസം** | |
| ശ്രീമതി.സിനി സാബു. | 01.04.2013 മുതൽ 31.03.2014 വരെ |
| **ക്ഷേമം** | |
| ശ്രീ.ഷുഹൈബ് മുള്ളൻകുഴി | 01.04.2013മുതൽ 31.03.2014 വരെ |
| **മറ്റ് നിർവ്വഹണാധികാരികൾ** | |
| കൃഷി ഓഫീസർ | |
| ശ്രീമതി.രശ്മി വിജയൻ | 01.04.2013മുതൽ 2.8.2013വരെ<br>29.1.2014 മുതൽ 31.3.2014 വരെ |
| ശ്രീ.ബിനുമോൻ കെ.കെ | 3.8.2013 മുതൽ 28.1.2014 വരെ |
| **അസി.എഞ്ചിനിയർ** | |
| ശ്രീ.ജോസഫ് തോമസ് | 01.04.2013 മുതൽ 31.03.2014 വരെ |
| **വി.ഇ.ഒ.** | |
| ശ്രീ.ജോസുകുട്ടി മാത്യു. | 1.4.2013മുതൽ 31.3.2014വരെ |
| **മെഡിക്കൽ ഓഫീസർ(പി എച്ച് സി)** | |
| ഡോ.എസ് . സുരേഷ് | 1.4.2013മുതൽ 31.3.2014 വരെ |
| **മെഡിക്കൽ ഓഫീസർ(ആയുർവ്വേദം)** | |
| ഡോ.ജിൽസൺ വി.ജോർജ് | 01.04.2013മുതൽ 30.9.2013 വരെ |
| ഡോ.ആൻസി തോമസ് | 1.10.2013 മുതൽ 28.2.2014 വരെ |
| ഡോ.വി.എസ്.ശശികല | 1.3.2014 മുതൽ 31.3.2014 വരെ |

| **ഐ സി ഡി എസ് സൂപ്പർ വൈസർ** | |
|---|---|
| ശ്രീമതി. പി.എസ്. ലളിത | 1.4.2013 മുതൽ 31.03.2014 വരെ |
| **വെറ്ററിനറി സർജൻ** | |
| ഡോ.ജോസഫൈൻ ഫ്രാൻസിസ് | 1.4.2013 മുതൽ 21.6.2013 വരെ |
| ഡോ.ജോൺസൺ ഫ്രാൻസിസ് | 22.6.2013 മുതൽ 31.3.2014 വരെ |
| **ഹെഡ് മാസ്റ്റർ** | |
| ശ്രീ.കെ.വിജയൻ | 1.4.2013 മുതൽ 31.3.2014 വരെ |

## റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ ചേർത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

ഭാഗം-1 പൊതു അവലോകനം

ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദേശങ്ങളും

ഭാഗം-2 വരവ് കണക്കിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീത് പരിശോധനയിലും പഞ്ചായത്തിൻറെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ

ഭാഗം-3 ചെലവ് കണക്കിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ.

ഭാഗം-4 സാമ്പത്തിക നില ,ഓഡിറ്റ് പ്രത്യവലോകനം

## അനുബന്ധ പത്രികകൾ

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ്
3. ഇൻകം ആൻറ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെൻറ്
4. റസീപ്റ്റ് ആൻറ് പേയ്മെൻറ് സ്റ്റേറ്റ്മെന്റ്

# ഭാഗം -1

## പൊതു അവലോകനം

## പൊതു അവലോകനം

## 1-1 ബജറ്റ്.

ഗ്രാമപഞ്ചായത്തിന്റെ 2013-14 ലെ ബജറ്റ് 23.3.2013 ൽ പാസ്സാക്കിയിട്ടുണ്ട്. ബജറ്റും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ വളരെ വലിയ അന്തരം ഉണ്ടായിട്ടുള്ളതായി കാണുന്നു. യാഥാർത്ഥ്യ ബോധത്തോടുകൂടിയല്ല ബജറ്റ് തയ്യാറാക്കിയിരിക്കുന്നത് എന്ന് ഇത് വ്യക്തമാക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ബജറ്റ് പ്രകാരം | | വാർഷിക കണക്ക് പ്രകാരം. | |
|---|---|---|---|
| വരവ് | ചെലവ് | വരവ് | ചെലവ് |
| 130426000 | 128254000 | 57831189 | 61204903 |

## 1-2 വാർഷിക കണക്കുകൾ.

2013-14 ലെ വാർഷിക കണക്കുകൾ 13.5.2014 ലെ 19-നമ്പർ കമ്മിറ്റി തീരുമാന പ്രകാരം അംഗീകരിച്ച് 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് സെക്ഷൻ 9(1) ൽ നിഷ്കർഷിച്ചിരിക്കുന്ന നിയമാനുസൃത സമയ പരിധിക്കുള്ളിൽ ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്.

## 1-3 ഡി.സി.ബി.

തനത് വരുമാന സ്രോതസ്സുകൾ വളരെ പരിമിതമാണ്.പ്രധാന വരുമാനമായ വസ്തു നികുതിയിൽ കുടിശ്ശികയുൾപ്പെടെ ₹.6,27,123/- പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. തൻവർഷ നികുതിയുടെ 68 ശതമാനം മാത്രമാണ് പിരിച്ചെടുത്തിട്ടുള്ളത്. നികുതി പിരിവ് ഊർജ്ജിതമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-4 രജിസ്റ്ററുകൾ,രേഖകൾ എന്നിവയുടെ പരിപാലനം.

നികുതി നികുതിയേതര വരവിനങ്ങളുടെ രജിസ്റ്ററുകൾ,മുൻകൂർ രജിസ്റ്റർ,ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ യഥാവിധി പരിപാലിച്ചിട്ടുണ്ട്.

## 1-5 ആഭ്യന്തര നിയന്ത്രണ സംവിധാനം.

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സാമാന്യം തൃപ്തികരമായ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

## 1-6 ഗ്രാമ സഭകളുടെ പ്രവർത്തനം.

എല്ലാ വാർഡുകളിലും തൻവർഷം മൂന്ന് ഗ്രാമസഭകൾ കൂടിയിട്ടുണ്ട്. ഗ്രാമ സഭകളിൽ നല്ല ജനപങ്കാളിത്തം ഉണ്ടായിട്ടുണ്ട്. പ്രദേശത്തിന്റെ വികസനത്തിനും ജനങ്ങളുടെ ക്ഷേമത്തിനും ഉതകുന്ന വിവിധ പദ്ധതികളെപ്പറ്റിയുള്ള നിർദ്ദേശങ്ങൾ ഗ്രാമ സഭകളിൽ ഉയർന്ന് വന്നിട്ടുണ്ട്.

## 1-7 വർക്കിംഗ് ഗ്രൂപ്പുകൾ.

13-വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും , പദ്ധതി രൂപീകരണത്തിൽ അവ സുപ്രധാന പങ്ക് വഹിക്കുകയും ചെയ്തിട്ടുണ്ട്.

## 1-8 വാർഷിക പദ്ധതി

₹.5,54,36,839/- അടങ്കലുള്ള 2013-14ലെ വാർഷിക പദ്ധതിക്ക് 5.6.2014-ൽ കൂടിയ ജില്ലാ ആസൂത്രണ സമിതി അംഗീകാരം നല്കിയിട്ടുണ്ട്. വിവിധ വിഭാഗങ്ങളിലായി അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| വിഭാഗം | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് |
|---|---|---|
| പൊതു വിഭാഗം | 199 | 160 |
| പ്രത്യേക ഘടക പദ്ധതി. | 16 | 12 |

| | | |
|---|---|---|
| പട്ടിക വർഗ്ഗ ഉപ പദ്ധതി. | 21 | 16 |
| ആകെ. | 236 | 188 |

## 1-9 വിവിധയിനം ഫണ്ടുകളുടെ വരവ് ചെലവുകൾ

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| പൊതു വിഭാഗം | 1598146 | 11290000 | 12888146 | 11538151 | 1349995 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2574830 | 5887846 | 8462676 | 6371340 | 2091336 |
| ലോക ബാങ്ക് ധനസഹായം | 662315 | 3086000 | 3748315 | 2952466 | 795849 |
| എസ്.സി.പി. | 2223353 | 2285000 | 4508353 | 3121868 | 1386485 |
| ടി.എസ്.പി. | 1919587 | 2512000 | 4431587 | 3248638 | 1182949 |
| മെയിൻറനൻസ് ഗ്രാൻറ് | 2580078 | 9774000 | 12354078 | 11027663 | 1326415 |

## 1-10 വാർഷിക പദ്ധതി- നേട്ടങ്ങളും കോട്ടങ്ങളും

അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾക്കാണ് മുൻഗണന നൽകിയിട്ടുള്ളത്. ടി.എസ്.പി, എസ്.സി.പി. ഫണ്ടുകളുടെ ചെലവിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനും ലഭിച്ച ഫണ്ട് പരമാവധി ചെലവഴിക്കുന്ന തിനും സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പെർമിറ്റ്- നടപടി ക്രമത്തിലെ വീഴ്ചകൾ

കാഞ്ചിയാർ ഗ്രാമപഞ്ചായത്തിലെ IX മുരിക്കാട്ടുകുടി വാർഡിൽ 743.88 ച. മീറ്ററുള്ള ബഹുനില കെട്ടിടം പണിയുന്നതിന് 04.03.2011ലെ പെർമിറ്റ് നമ്പർ 43/11 പ്രകാരം ശ്രീ. എം. എസ്. സെബാസ്റ്റ്യൻ, മൂക്കൻതോട്ടത്തിൽ, ശോശാമ്മ കട്ടപ്പിൽ എന്നിവർക്ക് അനുവാദം നൽകിയിരുന്നു. പ്രസ്തുത കെട്ടിടത്തിൽ 285.49 ച. മീറ്ററുള്ള അധിക നില പണിയുന്നതിനുവേണ്ടി 24.02.2012-ൽ ശ്രീ. സെബാസ്റ്റ്യൻ പ്ലാൻസഹിതം അപേക്ഷ (എ3-769/12) സമർപ്പിച്ചപ്പോൾ ആയതിന് പെർമിറ്റ് നൽകണമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ ശുപാർശ ചെയ്തു. എന്നാൽ, ബാധകമായ ഫീസ് ഈടാക്കി പെർമിറ്റ് നല്കേണ്ടതിന് പകരം സെക്രട്ടറി നിരാക്ഷേപപത്രം(NOC)മാണ് നൽകിയത്. പിന്നീട്, 29.04.2013-ലെ എ5-2884/13 നമ്പർ അപേക്ഷയോടൊപ്പം സമർപ്പിച്ച പൂർത്തീകരണ പ്ലാൻ അംഗീകരിച്ച് വസ്തുനികുതി നിർണ്ണയിച്ചു.

**അപാകതകൾ**

1. പെർമിറ്റ് നൽകണമെന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ ശുപാർശ പരിഗണിക്കാത്തതിനാൽ ₹1428/-യുടെ (285.49X5) നഷ്ടം സംഭവിച്ചു. ക്രമവൽക്കരണം അടക്കമുള്ള നടപടി സ്വീകരിച്ച് നഷ്ടം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. കെട്ടിട നിർമ്മാണത്തിന് ശേഷം സമർപ്പിക്കുന്ന പൂർത്തീകരണ പ്ലാൻ ശുപാർശയ്ക്ക് വേണ്ടി അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറേണ്ടതായിരുന്നു.എന്നാൽ സെക്രട്ടറി നേരിട്ട് വസ്തുനികുതി നിർണ്ണയം നടത്തിയതിനാൽ നിർദ്ദിഷ്ട പ്ലാനിലെ വ്യവസ്ഥകൾ പ്രകാരം

കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു എന്ന് ഉറപ്പാക്കാനായില്ല. പൂർത്തീകരണ പ്ലാൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറി അദ്ദേഹത്തിന്റെ ശുപാർശ പ്രകാരം വസ്തുനികുതി പുനർ നിർണ്ണയം നടത്തേണ്ടതാണ്.

## 2-2 പ്രത്യേക പദ്ധതികൾക്കായി ലഭിച്ച തുക ചെലവഴിക്കാതെ തനത് ഫണ്ടിൽ നിലനിറുത്തുന്നു

പ്രത്യേക പദ്ധതികൾക്കായി ലഭിച്ച ചില തുകകൾ ചെലവഴിക്കാതെ തനത് ഫണ്ടിൽ തുടരുന്നതായി ചെക്ക്/ഡ്രാഫ്റ്റ് രജിസ്റ്ററിൽ നിന്ന് വ്യക്തമാകുന്നു. വിശദാംശങ്ങൾ -

| വർഷം | ഇനം | ലഭിച്ചത് ₹ | ചെലവഴിച്ചത് ₹ | ബാക്കി ₹ | ആകെ |
|---|---|---|---|---|---|
| 2013-2014 | അനുപൂരക പോഷകാഹാര പദ്ധതി (കേന്ദ്രവിഹിതം) | 863253 | - | 863253 | 876031 |
| | സംയുക്ത പ്രോജക്ട് ബ്ലോക്ക് വിഹിതം | 500000 | 487222 | 12778 | |
| 2014-2015 | അനുപൂരക പോഷകാഹാര പദ്ധതി (കേന്ദ്രവിഹിതം) | 538911 | - | 538911 | 2506514 |
| | അങ്കണവാടി കെട്ടിട നിർമ്മാണം (കേന്ദ്രവിഹിതം) | 400000 | 293681 | 106319 | |
| | വ്യക്തിഗത കക്കൂസ് നിർമ്മാണം (സ്വച്ഛ് ഭാരത് അഭിയാൻ) | 1198500 | 1116000 | 82500 | |
| | റ്റി.എസ്.പി. കോർപ്പസ് ഫണ്ട് | 3530000 | 1898402 | 1631598 | |
| | ബി.പി.എൽ. കുടുംബങ്ങൾക്ക് ആധാർ എൻ റോൾമെന്റ് ധനസഹായം | 147186 | - | 147186 | |
| | | | | | **3382545** |

മേൽ സൂചിത തുകകൾ അനുവദിച്ച പദ്ധതികൾക്കായി ചെലവഴിക്കാതെ തനത് ഫണ്ടിൽ തുടരുന്നതിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത തുകകൾ വിതരണം ചെയ്ത് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## <u>ഭാഗം -3</u>

## <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 ജലസേചന പമ്പ് സെറ്റ് പദ്ധതി -59/14, കുറഞ്ഞ ടെന്റർ മറികടന്ന് പമ്പ് സെറ്റ് വാങ്ങി.-നഷ്ടം. ₹1,78,080/-

നിർവ്വഹണം - കൃഷി ഓഫീസർ

| | | |
|---|---|---|
| അടങ്കൽ | - | ₹ 8,00,000/- (വികസന ഫണ്ട് ₹ 4,00,000/- ഗുണഭോക്തൃവിഹിതം ₹4,00,000/-] |
| ചെലവ് | - | ₹3,81,000/- [ബിൽ നം.4/13-14 തിയതി.20.2.2014 (വികസന ഫണ്ട് )] |
| | - | ₹3,81,000/- [വൗച്ചർ നം.250200401 തിയതി.28.2.2014 (ഗുണഭോക്തൃ വിഹിതം)] |
| ആകെ | - | ₹7,62,000/- |

ഈ പദ്ധതിക്ക് 1.5 കുതിര ശക്തി, 30-40 ഹെഡ് എന്നീ സ്പെസിഫിക്കേഷനിൽ ഐ.എസ്.ഒ നിലവാരമുള്ള ഉള്ള 80 പമ്പ് സെറ്റുകൾ വാങ്ങുന്നതിന് കൃഷി ഓഫീസർ 19.09.2013 -ൽ ടെന്റർ പരസ്യപ്പെടുത്തി. ഇതിൻ പ്രകാരം 7 സ്ഥാപനങ്ങൾ ടെന്റർ സമർപ്പിച്ചതിൽ ഏറ്റവും കുറഞ്ഞ ടെണ്ടർ ക്വോട്ടു ചെയ്തത് കട്ടപ്പനയിലുള്ള ജി & എസ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനമാണ്. ടെന്ററിൽ സൂചിപ്പിച്ച എല്ലാ സ്പെസിഫിക്കേഷനുകളും ഉള്ള കിർലോസ്കർ കമ്പനിയുടെ പമ്പ് സെറ്റ് ഒന്നിന് ₹7299/- നിരക്കിലാണ് ഈ സ്ഥാപനം ക്വോട്ടു ചെയ്തത്.

പമ്പ് സെറ്റ് വാങ്ങൽ സംബന്ധിച്ച പഞ്ചായത്ത് കമ്മറ്റി ചർച്ച ചെയ്യുകയും 05.12.2013 ലെ തീരുമാനം നം.16 പ്രകാരം സി.ആർ.ഐ പമ്പ് സെറ്റുകൾക്കാണ് ഗുണമേന്മ കൂടുതലെന്ന് കമ്മിറ്റി വിലയിരുത്തുകയും ആയതിനാൽ ടെന്ററിൽ ഏറ്റവും കൂടുതൽ നിരക്ക് ക്വോട്ടു ചെയ്ത ക്ലിയർടെക് എന്ന സ്ഥാപനത്തിൽ നിന്നും പമ്പ് സെറ്റ് വാങ്ങുന്നതിന് കൃഷി ഓഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തു. ഇതനുസരിച്ച് രാജകുമാരിയിലുള്ള ക്ലിയർടെക് എന്ന സ്ഥാപനത്തിന്റെ സി.ആർ.ഐ മേയ്ക്ക് പമ്പ് സെറ്റ് ഒന്നിന് ₹9525/- നിരക്കിൽ 80 പമ്പ് സെറ്റുകൾ ₹7,62,000/- ക്ക് വാങ്ങി. ക്വോട്ടു ചെയ്ത സ്ഥാപനങ്ങൾ സമർപ്പിച്ച ടെണ്ടറുകളെല്ലാം ഐ.എസ്.ഐ.നിലവാരമുള്ള പമ്പ് സെറ്റുകളുടേതായിരിക്കെ ടെന്ററിൽ സൂചിപ്പിച്ച എല്ലാ സ്പെസിഫിക്കേഷനുകളും ഉള്ള 'കിർലോസ്കർ' കമ്പനിയുടെ കട്ടപ്പനയിലുള്ള ജി&എസ് ഇലക്ട്രിക്കൽസിന്റെ ക്വട്ടേഷൻ നിരസിച്ച് സി.ആർ.ഐ.പമ്പ് സെറ്റുകൾക്ക് ഗുണമേന്മ കൂടുതലുണ്ടെന്ന പഞ്ചായത്ത് കമ്മിറ്റിയുടെ കണ്ടെത്തൽ അടിസ്ഥാനരഹിതവും അംഗീകരിക്കാവുന്നതുമല്ല. പമ്പ് സെറ്റുകളുടെ ഗുണമേന്മ പരിശോധിക്കേണ്ടതും സാക്ഷ്യപ്പെടുത്തേണ്ടതും സാങ്കേതിക പരിജ്ഞാനമുള്ളതും അധികാരപ്പെടുത്തപ്പെട്ടിട്ടുള്ളതുമായ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വവും ബാദ്ധ്യതയുമാണ്. ആയതിനാൽ ഗുണമേന്മ കൂടുതലുണ്ടന്ന കാരണം അടിസ്ഥാനമാക്കി ഉയർന്ന ടെണ്ടർ സ്വീകരിച്ച് വാങ്ങൽ നടത്താൻ പഞ്ചായത്ത് കമ്മിറ്റി എടുത്ത തീരുമാനം ശരിയല്ല. കമ്മിറ്റിയുടെ ഈ തീരുമാനം മൂലം പഞ്ചായത്തിന് ₹1,78,080/- [(9525 x80 =762000)-(7299 x80 =583920)] യുടെ നഷ്ടം സംഭവിച്ചു. നഷ്ടം തെറ്റായ തീരുമാനം എടുത്ത കമ്മിറ്റി അംഗങ്ങളിൽ നിന്നും ഔദ്യോഗികമായി തടസ്സവാദം ഉന്നയിക്കാതെ ഈ തീരുമാന പ്രകാരം പർചെയ്സ് നടത്തിയ കൃഷി ഓഫീസറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-2 മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല- തടസ്സം ₹600000/-

| | പദ്ധതി | നമ്പർ/അടങ്കൽ | ബിൽ നമ്പർ/ തുക | കാരണം |
|---|---|---|---|---|
| 1 | പാലിയേറ്റീവ് കെയർ | 23/14<br>₹300000/- | 1/13-14/ 20.4.14 ₹44575/-<br>2/13-14/ 13.11.13 ₹44200/-<br>3/13-14/ 20.12.13 ₹100000/- | വണ്ടിക്കൂലി, ഭക്ഷണം എന്നിവയുടെ വിതരണ വിശദാംശങ്ങൾ ലഭ്യമല്ല<br>മരുന്ന് വാങ്ങിയത് (നം.3) സ്റ്റോക്കിലെടുത്തതിന്റെ വിശദാം ശങ്ങൾ ലഭ്യമല്ല |

| | | | | |
|---|---|---|---|---|
| | | | 5/13-14/ 28.1.14 ₹44750/-<br>8/3-14/21.3.14 ₹66475/- | |
| 2 | പി.എച്ച്.സി. ക്ക് മരുന്ന് വാങ്ങൽ | 22/14<br>300000/- | 4/13-14/20.12.13 ₹150000/-<br>6/13-14/ 23.11.14 ₹150000/- | മരുന്ന് വാങ്ങിയത് സ്റ്റോക്കിലെടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല |

ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി ₹600000/- യുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-3 മരാമത്ത് പ്രവൃത്തികൾ - പൊതുന്യൂനതകൾ:-

ഗ്രാമപഞ്ചായത്തിലെ അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2013-14 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ് ബുക്ക് ( TR7A ) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

(2) ഏറ്റെടുത്ത പദ്ധതികളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ പ്രോജക്ട് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

(3) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവർത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(4) ടെണ്ടർ ഫോം രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തിട്ടില്ല.

(5) ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന പ്രവർത്തികളിൽ ആവശ്യമായ നടപടി ക്രമങ്ങൾ (പൊതുമരാമത്ത് ചട്ടങ്ങളിലെ വകുപ്പ് 13 പ്രകാരം) പാലിക്കപ്പെടുന്നില്ല.യഥാസമയം പ്രവർത്തി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

(6) ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

(7) കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല.

(8) ഡിപ്പോസിറ്റ് ,മുൻകൂർ രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല.

(9) ഒടുക്കേണ്ട നികുതികൾ,ക്ഷേമനിധി വിഹിതം എന്നിവയുടെ വിവരം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

(10) മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

പ്രസ്തുത ന്യൂനതകൾ 2012-13 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നെങ്കിലും ഓഡിറ്റ് വർഷത്തിലും ടി അപാകങ്ങൾ പരിഹരിച്ചിട്ടില്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 3-4 ഗുണഭോക്തൃ സമിതി മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ അസി.എഞ്ചിനിയർ നിർവ്വഹണം നടത്തിയിട്ടുള്ള ഭൂരിഭാഗം മരാമത്ത് പ്രവൃത്തികളും ഗുണഭോക്തൃ സമിതി മുഖേനയാണ് നടപ്പാക്കിയത്. വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിൽ പദ്ധതികളുടെ നിർവ്വഹണം സുതാര്യമാക്കുവാനും, മെച്ചപ്പെട്ട രീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാനും വേണ്ടിയാണ് ഗുണഭോക്തൃ സമിതികൾ മുഖേന പ്രവൃത്തികൾ നടപ്പിലാക്കുന്നത്. എന്നാൽ ഈ പൊതു തത്വത്തെ അട്ടിമറിക്കുന്ന രീതിയിലാണ് പഞ്ചായത്തിൽ ഗുണഭോക്തൃ സമിതി മുഖേനയുള്ള മരാമത്ത് പ്രവൃത്തികൾ നടന്നുവരുന്നത്. ഗുണഭോക്തൃ സമിതി മുഖേനയുള്ള പ്രവൃത്തികളിലെ പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗുണഭോക്തൃ സമിതി ചെയർമാന്റെയും കൺവീനറുടെയും പേരിൽ സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിച്ചതിന്റെയോ, ഇടപാടുകൾ പ്രസ്തുത അക്കൗണ്ടിലൂടെ നടത്തിയതിന്റെയോ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

2. പദ്ധതി നിർവ്വഹണവേളയിൽ ഗുണഭോക്തൃ സമിതികൾ യോഗം കൂടുകയോ, കണക്കുകൾ പാസ്സാക്കുകയോ ചെയ്തിട്ടില്ല.

3. പദ്ധതി നടത്തിപ്പിന്റെ ചെലവുകൾ ഗുണഭോക്തൃ സമിതി അംഗീകരിച്ച് നൽകിയിട്ടില്ല.

4. ഗുണഭോക്തൃ സമിതിയുടെ കൃത്യമായ കണക്കുകൾ ഇല്ലാത്തതിനാൽ എഞ്ചിനിയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് തുക നൽകിയിട്ടുള്ളത്.

5. ഫലപ്രദമായ മോണിറ്ററിംഗ് സംവിധാനം നടപ്പാക്കിയിട്ടില്ല.

ഗുണഭോക്തൃ സമിതി മുഖേനയുള്ള പ്രവൃത്തികൾ മാനദണ്ഡങ്ങൾക്കനുസൃതമായി നടപ്പിലാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതിയുടെ സജീവ ശ്രദ്ധ ടി വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയായി തൻവർഷം വരവുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം. | ഖണ്ഡിക നം. | തിരികെ ഈടാക്കിയ തുക | | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./ തിയതി | ഏത് ഫണ്ടിൽ തിരിച്ചടച്ച | ചെലാൻ നം.തിയതി |
|---|---|---|---|---|---|---|---|
| | | വരവ് നഷ്ടം | ചെലവ് നഷ്ടം | | | | |
| 1968-69 | 6 | 13 | | ടി.എൻ.നാരായണ പിള്ള | 113161100814<br>തി.13-8-2013 | തനത് ഫണ്ട് | |

## 4-2 ഓഡിറ്റ് പ്രത്യവലോകനം

**എ) <u>സംക്ഷിപ്ത വിവരം</u>**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | **₹57831189** |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | **₹61204903** |
| വരവിനങ്ങളിലുള്ള നഷ്ടം. | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | **₹178080** |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക. | **₹600000** |

**ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നം. | നഷ്ടമായ തുക<br>ചാർജ് ചെയ്യാവുന്നത് | സർച്ചാർജ് ചെയ്യാവുന്നത്. | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും. |
|---|---|---|---|
| 3-1 | | 10476 | ശ്രീമതി.റോസമ്മ ജെയിംസ് , പ്രസിഡണ്ട് |
| 3-1 | | 10476 | ശ്രീമതി.രശ്മി വിജയൻ,കൃഷി ഓഫീസർ. |
| 3-1 | | 10476 | ശ്രീ.എം.വി.കുര്യൻ,വൈസ് പ്രസിഡണ്ട് |
| 3-1 | | 10476 | ശ്രീ.ജോയ് തോമസ്, മെംമ്പർ |
| 3-1 | | 10476 | ശ്രീമതി.സൂസമ്മ സാബു ,മെമ്പർ |
| 3-1 | | 10475 | ശ്രീ.ജോസ് ,ഞയർക്കുളം ,മെമ്പർ |
| 3-1 | | 10475 | ശ്രീമതി.സാലി ജോളി ,മെമ്പർ |
| 3-1 | | 10475 | ശ്രീ.ഷുഹൈബ് മുള്ളൻകുഴി, മെമ്പർ |
| 3-1 | | 10475 | ശ്രീമതി.സിനി സാബു ,മെമ്പർ |
| 3-1 | | 10475 | ശ്രീ.ബാലൻ.സി.ചക്കൻ,മെമ്പർ |
| 3-1 | | 10475 | ശ്രീമതി.ഷിജി.സിബി ,മെമ്പർ |
| 3-1 | | 10475 | ശ്രീമതി.സിനിത ജോസ്,മെമ്പർ |
| 3-1 | | 10475 | ശ്രീമതി.ഷൈല ബേബിച്ചൻ,മെമ്പർ |
| 3-1 | | 10475 | ശ്രീമതി.വിജയകുമാരി ജയകുമാർ,മെമ്പർ |
| 3-1 | | 10475 | ശ്രീ.ജെയ്സൺ തെക്കേപ്പറമ്പിൽ മെമ്പർ |
| 3-1 | | 10475 | ശ്രീ.വി.കെ.കുട്ടപ്പൻ,മെമ്പർ |
| 3-1 | | 10475 | ശ്രീ.കെ.സി.ബിജു ,മെമ്പർ |

| | | | |
|---|---|---|---|
| | ആകെ | ₹178080 | |

## സി) തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തടസ്സപ്പെട്ടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | ₹600000 | ഡോ.എസ്.സുരേഷ്, മെഡിക്കൽ ഓഫീസർ, പി. എച്ച്. സി. |

## ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റുസ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും. |
|---|---|---|
| | ഇല്ല | |

## ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക.3-2

## എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസങ്ങൾ

| പേരും,ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിവാസം |
|---|---|---|
| ശ്രീമതി.റോസമ്മ ജെയിംസ് , പ്രസിഡണ്ട് | പ്രസിഡണ്ട് , കാഞ്ചിയാർ ഗ്രാമ പഞ്ചായത്ത് | ചെമ്പനാനിക്കൽ വീട്, കൽതൊട്ടി പി.ഒ,പിൻ.685507 |
| ശ്രീമതി.രശ്മി വിജയൻ,കൃഷി ഓഫീസർ. | കൃഷി ഓഫീസർ,കാഞ്ചിയാർ ഗ്രാമ പഞ്ചായത്ത് | |
| ശ്രീ.എം.വി.കുര്യൻ,വൈസ് പ്രസിഡണ്ട് | മെമ്പർ,കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് | മൂഴിയിൽ വീട്, നരിയംപാറ.പി.ഒ പിൻ.685511 |
| ശ്രീ.ജോയ് തോമസ്, മെംമ്പർ | ടി. | പൂവത്തുംമൂട്ടിൽ വീട്, കോഴിമല പി.ഒ, പിൻ.685511 |
| ശ്രീമതി.സൂസമ്മ സാബു , മെമ്പർ | ടി. | പതിക്കൽ വീട് , കോഴിമല പി.ഒ പിൻ.685511 |

| | | |
|---|---|---|
| | | |
| ശ്രീ.ജോസ് ,ഞയർക്കുളം, മെമ്പർ | ടി. | ഞയർക്കുളം വീട്, തൊപ്പിപ്പാള പി.ഒ,പിൻ.685511 |
| ശ്രീമതി.സാലി ജോളി, മെമ്പർ | ടി. | പുത്തൻപുരയ്ക്കൽ വീട്, കാഞ്ചി യാർ പി.ഒ, പിൻ.685511 |
| ശ്രീ.ഷുഹൈബ് മുള്ളൻകുഴി, മെമ്പർ | ടി. | മുള്ളന്കുഴിയിൽ വീട് കാഞ്ചി യാർ പി.ഒ,പിൻ.685511 |
| ശ്രീമതി.സിനി സാബു, മെമ്പർ | ടി. | മൂരിപ്പാറയിൽ വീട് , കാഞ്ചിയാർ പി.ഒ,പിൻ.685511 |
| ശ്രീ.ബാലൻ.സി.ചക്കൻ, മെമ്പർ | ടി. | കൊടിക്കൽ വീട് , കോഴിമല പി.ഒ. പിൻ.685511 |
| ശ്രീമതി.ഷിജി.സിബി, മെമ്പർ | ടി. | മലവന വീട്, കാഞ്ചിയാർ പി.ഒ പിൻ.685511 |
| ശ്രീമതി.സിനിത ജോസ്,മെമ്പർ | ടി. | പഴയപുരയ്ക്കൽ വീട് , കൽതൊട്ടി പി.ഒ, മേപ്പാറ,പിൻ.685507 |
| ശ്രീമതി.ഷൈല ബേബിച്ചൻ,മെമ്പർ | ടി. | ഏഴാച്ചേരിയിൽ വീട് , കൽതൊട്ടി പി.ഒ.685507 |
| ശ്രീമതി.വിജയകുമാരി ജയകുമാർ,മെമ്പർ | ടി. | വിജയാഭവൻ,<br><br>കൽതൊട്ടി പി.ഒ 685507 |
| ശ്രീ.ജെയ്സൺ തെക്കേപ്പറമ്പിൽ മെമ്പർ | ടി. | തെക്കേപ്പറമ്പിൽ വീട്, കൽതൊട്ടി പി.ഒ.685507 |
| ശ്രീ.വി.കെ.കുട്ടപ്പൻ,മെമ്പർ | ടി. | വെട്ടിക്കാട്ട് വീട് , കൽതൊട്ടി പി.ഒ,ചന്ദ്രൻസിറ്റി. പിൻ.685507 |
| ശ്രീ.കെ.സി.ബിജു ,മെമ്പർ | ടി. | കൊന്നാട്ട് വീട് , കൽതൊട്ടി പി.ഒ, ചന്ദ്രൻസിറ്റി പിൻ.685507 |

| | | |
|---|---|---|
| | | |

**ജി) <u>ഓഡിറ്റ് സംഗ്രഹം</u>**

ഓഡിറ്റ് വേളയിൽ 2 എൻക്വയറികൾ നൽകിയിരുന്നു, ഇതിൽ ഒരെണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചത്.

## 4-3 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| | |
|---|---|
| 1996-97 | എൽ.എഫ്.ഐ-6/149/98/30.06.1998 |
| 1997-98 | എൽ.എഫ്.ഐ-6/723/99/28.09.2000 |
| 1998-99 | എൽ.എഫ്.ഐ-6/261/2000/30.12.2000 |
| 1999-2000 | എൽ.എഫ്.ഐ-6/198/2001/31.10.2001 |
| 2000-2001 | എൽ.എഫ്.ഐ-6/81/2004/09.06.2004 |
| 2001-2002 | എൽ.എഫ്.ഐ-6/282/2004/13.12.2003 |
| 2002-2003 | എൽ.എഫ്.ഐ-6/386/2006/30.11.2006 |
| 2003-2004 | എൽ.എഫ്.ഐ-8/227/2007/30.03.2007 |
| 2004-2005 | എൽ.എഫ്.ഐ-8/877/2007/05.04.08 |
| 2005-2006 | എൽ.എഫ്.ഐ-8/905/2007/11.04.2008 |
| 2006-2007 | എൽ.എഫ്.ഐ-8/539/2008/03.11.2008 |
| 2007-2008 | എൽ.എഫ്.ഐ-8/1003/2009/08.07.2010 |
| 2009-2010 | എൽ.എഫ്.ഐ-9/976/2011/03.05.2012 |
| 2010-2011 | എൽ.എഫ്.ഐ-9/129/2013/04.10.2013 |
| 2011-2012 | എൽ.എഫ്.ഐ-9/1384/2013/11.07.2014 |
| 2012-13 | എൽ.എഫ് ഐ.9/1327/2014/15.12.2014 |

4-4 ചാർജ്ജ് / സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

**(എ) ചാർജ് /സർചാർജ് നോട്ടീസ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ ഒടുക്കിയ തുകയുടെ വിവരം**

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ചാർജ് നോട്ടീസ് റഫറൻസ് നം. | നോട്ടീസ് പ്രകാരമുള്ള തുക(₹) | ഒടുക്കിയ തുക (₹) | ഒടുക്കിയ ആളുടെ, പേര്, രസീത് നം. തിയതി | ബാക്കി | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| ഇല്ല | | | | | | | |

**(ബി) ചാർജ് /സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥനത്തിൽ ഒടുക്കിയ /ഈടാക്കി യ തുകയുടെ വിവരം**

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ചാർജ് സർട്ടിഫിക്കറ്റ് റഫറൻസ് നം./തിയതി | സർചാർ ജ് സർട്ടിഫിക്കറ്റ് റഫറൻസ് നം./ തിയതി | സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക | ഒടുക്കിയ തുക | ഒടുക്കിയ ആള ടെ പേര് രസീത് നം./ തിയതി | ബാക്കി | റവന്യൂ റിക്കവറി നടപടികളിലടെ ഈടാ ക്കിയ തുക | റിമാർക്ക് സ് |
|---|---|---|---|---|---|---|---|---|---|
| ഇല്ല | | | | | | | | | |

**ഡെപ്യൂട്ടി ഡയറക്ടർ**

**ഇടുക്കി**